**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോഴിക്കോട് ആയഞ്ചേരി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് ഭരണസമിതിയുടെ 02.05.17 ലെ 1/മെയ്-02/2017(1),(2), 16.05.17 ലെ 1/മെയ്-16/17 തീരുമാനങ്ങൾ റദ്ദ് ചെയ്തുകൊണ്ടും അപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 23233/17 നമ്പർ കേസിന്റെ 4.7.2018 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.202/2019/തസ്വഭവ തിരുവനന്തപുരം, തീയതി 31/01/2019.**

---

പരാമർശം:- 1) ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 02.05.17 ലെ 1/മെയ്-02/2017(1),(2) നമ്പർ തീരുമാനങ്ങൾ.

2) ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 16.5.17 ലെ 1/മെയ്-16/2017 നമ്പർ തീരുമാനം.

3) 30.05.17 ലെ സ.ഉ. (സാധാ) നമ്പർ 1786/17/തസ്വഭവ ഉത്തരവ്.

4) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.P.(C) No.23233/17 നമ്പർ കേസിന്റെ 4.7.18 ലെ വിധിന്യായം.

5) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രിബ്യൂണൽ സെക്രട്ടറിയുടെ 20.12.18 ലെ റഫ 1/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ആയഞ്ചേരി വില്ലേജിൽ റീ സർവ്വെ നമ്പർ 345/5 ൽപ്പെട്ട സ്ഥലത്ത് ഹിഫാ ഇഖ്ഹുസുന്ന അസോസിയേഷനു വേണ്ടി 75.58 ച.മീ. വിസ്തീർണ്ണമുള്ള ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർമ്മാണം സ്റ്റോപ്പ് മെമ്മോ നൽകി നിർത്തി വയ്ക്കാനും മേൽപ്പറഞ്ഞ സ്ഥലത്ത് കെട്ടിട നിർമ്മാണം തടയുന്നതിന് പോലീസിനോട് ആവശ്യപ്പെടുന്നതിനും പരാമർശം (1) പ്രകാരം ഭരണസമിതി തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ, ആയവ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് താല്ക്കാലികമായി സ്റ്റേ ചെയ്തുകൊണ്ടും പ്രസ്തുത വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന് റഫർ ചെയ്തുകൊണ്ടും പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

ഇതിനിടെ ശ്രീ.കിഴക്കയിൽ മൂസ ഹാജി ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(c) 23233/17 നമ്പർ കേസിൻമേൽ 4.7.2018 ൽ താഴെ പറയും പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

"......there will be a direction to the first respondent to finalise the proceeding pertaining to Ext.P8 order, within three months from the date of receipt of the advice from the Tribunal for Local Self Government Institutions"

എന്നാൽ ഇത് സംബന്ധിച്ച് സർക്കാർ പരാമർശം 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ അഭിപ്രായത്തിനായി റഫർ ചെയ്തതിൽ, ആയഞ്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പരാമർശം (1), (2) പ്രകാരമുള്ള തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട്/കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയുടെ പ്രൊവിഷന് അനുസൃതമല്ലാത്തതിനാൽ രണ്ട് തീരുമാനങ്ങളും നിയമാനുസൃതമല്ല എന്ന് പരാമർശം (5) പ്രകാരം ട്രിബ്യൂണൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ രണ്ട് തീരുമാനങ്ങളും നിയമാനുസൃതമല്ലാത്തതിനാൽ ആയവ റദ്ദ് ചെയ്തു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ W.P.(C) 23233/17 ന്റെ 4.7.18 ലെ വിധിന്യായവും ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സബിത. എസ്.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ
കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്, കടമേരി, പി.ഒ., കോഴിക്കോട്
സെക്രട്ടറി, ആയഞ്ചേരി ഗ്രാമപഞ്ചായത്ത്
സഅദുള്ള സഖാഫി, പ്രസിഡന്റ്, ഫിഫാസത്തുന്ന അസോസിയേഷൻ പൈങ്ങോട്ടായി,
വടകര, തറോപൊയിൽ
ശ്രീ. കിഴക്കയിൽ മൂസ ഹാജി, പ്രസിഡന്റ്
പുറ്റംപൊയിൽ ജുമാ മസ്ജിദ്, മഹൽ കമ്മിറ്റി, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ